GOVERNMENT OF KERALA

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീ.എൻ.സുന്ദരൻനാടാർ നാഷണൽ ഫൗണ്ടേഷൻ - സുന്ദരൻനാടാരുടെ പ്രതിമാ നിർമ്മാണം - തിരുവനന്തപുരം ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാരണ) നം.**2885**/2011/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 07.12.2011.

---

പരാമർശം:- ശ്രീ.എൻ.സുന്ദരൻനാടാർ നാഷണൽ ഫൗണ്ടേഷൻ ജനറൽ സെക്രട്ടറിയുടെ 26.09.2011-ലെ കത്ത്.

**ഉത്തരവ്**

കേരള നിയമസഭയുടെ മുൻ ഡെപ്യൂട്ടി സ്പീക്കറും, മന്ത്രിയും സാമൂഹ്യപരിഷ്ക്കർത്താവുമായിരുന്ന ശ്രീ.എൻ.സുന്ദരൻനാടാരുടെ ഒരു വെങ്കല പ്രതിമ നെയ്യാറ്റിൻകരയിൽ സ്ഥാപിക്കുന്നതിന് തിരുവനന്തപുരം ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ധനസഹായം നൽകുന്നതിന് അനുമതി നൽകണമെന്നാണ് പരാമർശം വഴി ആവശ്യപ്പെട്ടിരുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള നിയമസഭയുടെ മുൻ ഡെപ്യൂട്ടി സ്പീക്കർ, മന്ത്രി, സാമൂഹ്യപരിഷ്ക്കർത്താവ് എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്ന ശ്രീ.എൻ.സുന്ദരൻനാടാരുടെ ഒരു വെങ്കല പ്രതിമ നെയ്യാറ്റിൻകരയിൽ സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും അവരുടെ സമിതി തീരുമാനത്തിന് വിധേയമായി **25,000/- (ഇരുപത്തി അയ്യായിരം രൂപ മാത്രം)** രൂപയിൽ കവിയാത്ത തുക ധനസഹായമായി നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്.)
ജനറൽ സെക്രട്ടറി, ശ്രീ.സുന്ദരൻ നാടാർ നാഷണൽ ഫൗണ്ടേഷൻ,
രജി. നം. റ്റി 3152/07, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ആഫീസർ, കൊല്ലം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ.) കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന്)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ